# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2299 | 01.04.2013 ൽ മറുപടിക്ക്

### എം.ആർ.എൽ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എം.ആർ.എൽ (മെഡിക്കോ റിക്കോർഡ് ലൈബ്രറി) സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (എ) എം.ആർ.എൽ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി മൊബൈൽ സ്റ്റോറേജ് സിസ്റ്റം, സോർട്ടിംഗ് ക്യാബിനറ്റ്, ഫോട്ടോ കോപ്പിയർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയത് മെഡിക്കൽ റെക്കോർഡ് ലൈബ്രറികളിൽ വാങ്ങി ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തു. കെ.എം.എസ്.സി എല്ലാ മെഡിക്കൽ റെക്കോർഡ് ലൈബ്രറികളിലും കമ്പ്യൂട്ടറും ചിലയിടങ്ങളിൽ പ്രിന്ററും എത്തിച്ചിട്ടുണ്ട്. മെഡിക്കൽ റെക്കോർഡ് ലൈബ്രറി പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിന് സി-ഡാക് -നെ ഏർപ്പെടുത്തുകയും സി-ഡാക് സോഫ്റ്റ് വെയർ നിർമ്മിച്ച് പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനായി 3 ആശുപത്രികളിൽ ഇതിനകം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) എം.ആർ. എൽ സൗകര്യങ്ങൾ ഉള്ളതും മെഡിക്കോ റിക്കാർഡ് ലൈബ്രേറിയൻ തസ്തിക ഉള്ളതുമായ കോഴിക്കോട് ജില്ലയിലെ ആശുപത്രികൾ ഏതെല്ലാം; കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിലവിൽ ഈ സംവിധാനമുണ്ടോ എന്നത് വ്യക്തമാക്കാമോ; | (ബി) കോഴിക്കോട് ജില്ലയിൽ ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മാനസിക രോഗാശുപത്രി, വടകര താലൂക്കാശുപത്രി എന്നിവിടങ്ങളിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ തസ്തികകൾ നിലവിൽ ഉണ്ട്. കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിലവിൽ ഈ സംവിധാനം ഇല്ല. |

| | | | |
|---|---|---|---|
| (സി) | NH നോട് ചേർന്ന് പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ നിലവിൽ ഐ.പി, ഒ.പി അഡ്മിഷൻ വിഭാഗങ്ങളിൽ ദിവസേന എത്ര രോഗികൾ എത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവിടെ കിടത്തി ചികിത്സയ്ക്ക് നിലവിൽ എത്ര ബെഡ് ആണ് അനുവദിച്ചത്; | (സി) | കൊയിലാണ്ടി താലൂക്കാശുപത്രിയിൽ നിലവിൽ ഐ.പി 100-150 നും, ഒ.പി 1400-1500 നും ഇടക്കാണ്. കൊയിലാണ്ടി താലൂക്കാശുപത്രിയിൽ കിടത്തിചികിൽസയ്ക്ക് 159 ബെഡ്സ് ഉണ്ട്. |
| (ഡി) | നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താനും എം. ആർ. എൽ സംവിധാനം ഏർപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ